വിഴിഞ്ഞം പ്രൈമറി ഹെൽത്ത് സെൻറർ ഒരാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ

63 [71] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പ്രൈമറി ഹെൽത്ത് സെൻറർ ഒരു ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തീരപ്രദേശത്തിൻറെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു ഇത് ഒരാശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഗവൺമെൻറിൻറെ സാമ്പത്തിക പരാധീനത കാരണം തൽക്കാലം നിവൃത്തിയില്ല.

പുല്ലുവിള പ്രൈമറി ഹെൽത്ത് സെൻറർ

64 [72] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പുല്ലുവിള പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പുല്ലുവിള പ്രൈമറി ഹെൽത്ത് സെൻററിൽ ഇപ്പോൾ പത്തു കിടക്കകൾ ഉണ്ട്. 21-3-1980-ലെ സർക്കാർ ഉത്തരവ് ജി.ഒ.എം.എസ്. 77/80/എച്ച്.ഡി. പ്രകാരം 20 കിടക്കകളുള്ള ഒരു വാർഡുകൂടി പണിയുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ വാർഷിക ബഡ്ജറ്റിൽ, സാമ്പത്തിക ലഭ്യതയുടെ അഭാവം മൂലം തുക ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ പണി നടത്താൻ സാധിച്ചിട്ടില്ല. ഫണ്ടു ലഭിക്കുന്നതിനനുസരിച്ച് പണി നടത്താവുന്നതാണ്.

പുതിയ പി.എച്ച്. സെൻററുകൾ

65 [73] ശ്രീ. എൻ. ശക്തൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പുതിയ പ്രൈമറി ഹെൽത്ത് സെൻററുകൾ അനുവദിക്കുന്നുണ്ടോ;

(ബി) അനുവദിക്കുന്നുണ്ടെങ്കിൽ നാട്ടുകാർ സ്ഥലം വാങ്ങി പ്രൈമറി ഹെൽത്ത് സെൻററിനു അപേക്ഷിച്ചിട്ടുള്ള നെയ്യാറിൻകര താലൂക്കിലെ തിരുപുറം പഞ്ചായത്തിൽ പരണിയത്ത് ഒരു പുതിയ പ്രൈമറി ഹെൽത്ത് സെൻറർ അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly